പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2854 — 22.06.2012 ൽ മറുപടി നല്കേണ്ടിയിരുന്നത്

# ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് അവസാനം നടത്തിയ സർവ്വേ പ്രകാരം എത്ര കുടുംബങ്ങളാണ് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരായി കണക്കാക്കപ്പെട്ടിട്ടുള്ളത് ; | എ) | 2009 ബി.പി.എൽ സെൻസസ്സിന്റെ അടിസ്ഥാനത്തിൽ നടത്തിയ സർവ്വേയിൽ 3229823 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. |
| ബി) | പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്താനായുള്ള അപേക്ഷകൾ ജനസമ്പർക്കപരിപാടിയിൽ ലഭിച്ചിരുന്നുവോ ; എത്ര അപേക്ഷകളാണ് ഇത്തരത്തിൽ ലഭ്യമായതെന്ന് പറയാമോ ; | ബി) | ബി.പി.എൽ ലിസ്റ്റ് സംബന്ധിച്ച പരാതികളും ആക്ഷേപങ്ങളും ലഭിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ നടന്ന ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച അപേക്ഷകൾ തുടർ നടപടികൾക്കായി ജില്ലകളിൽ തന്നെ സൂക്ഷിച്ചിട്ടുണ്ട്. ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ജനസമ്പർക്ക പരിപാടിയിൽ ആകെ 2,33,081 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത അപേക്ഷകളിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ; | സി) | പ്രസിദ്ധീകരിച്ച ബി.പി.എൽ പട്ടികയിന്മേൽ ആക്ഷേപങ്ങൾ/പരാതികൾ സമർപ്പിക്കുവാൻ പൊതുജനങ്ങൾക്കവസരം നൽകിയിരുന്നു. ടി പരാതികൾ/ആക്ഷേപങ്ങൾ എസ്.ഇ.സി.സി എന്യൂമറേറ്റർമാരെ ഉപയോഗിച്ച് പരിശോധിക്കാൻ ഉത്തരവായെങ്കിലും, തൽക്കാലം ഈ തീരുമാനം നടപ്പിലാക്കേണ്ട എന്നും ആവശ്യമെങ്കിൽ ഇവ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസിനു ശേഷം പരിശോധിക്കാമെന്നും 27.04.2012 ലെ സ.ഉ (സാധാ) നമ്പർ 1205/12/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| ഡി) | പന്ത്രണ്ടാം പദ്ധതിക്കാലത്തെ ഗ്രാമ-നഗര വികസന പദ്ധതികളിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംസ്ഥാന സർക്കാർ പ്രസിദ്ധീകരിക്കുന്ന പട്ടികയിൽ നിന്നാണോ എന്ന് വ്യക്തമാക്കുമോ ? | ഡി) | ഇക്കാര്യം തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ